**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 121** **28-07-2021 - ൽ മറുപടിയ്ക്ക്**

**സ്ത്രീസുരക്ഷ ഉറപ്പാക്കുവാൻ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ. അബ്ദുൽ ഹമീദ് പി | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്ത്രീധന പീഡനത്തെ തുടർന്നുള്ള ആത്മഹത്യകൾ വർദ്ധിച്ചുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 2011 മുതൽ 2016 വരെ 100 സ്ത്രീധന പീഡന മരണങ്ങളും ആത്മഹത്യയും സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ട്. 2016 മുതൽ 2021 വരെയുള്ള കാലയളവ് പരിശോധിക്കുകയാണെങ്കിൽ ഇവയുടെ എണ്ണം 54 ആണ്. 2020 ലും 2021 ലും 6 വീതം ആത്മഹത്യ കേസുകളാണ് റിപ്പോർട്ട് ചെയ്തത്. സ്ത്രീധന പീഡനം കാരണം ഒരു മരണമോ ആത്മഹത്യയോ സംസ്ഥാനത്ത് ഉണ്ടാവാത്ത സാഹചര്യം സൃഷ്ടിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. |
| (ബി) | കൊല്ലം പോരുവഴിയിൽ വിസ്മയ എന്ന യുവതിയുടെ മരണം സംബന്ധിച്ച അന്വേഷണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (ബി) | കൊല്ലം ജില്ലയിലെ ചടയമംഗലം സ്വദേശി വിസ്മയ എന്ന പെൺകുട്ടി ഭർതൃഗൃഹത്തിൽ തൂങ്ങിമരണപ്പെട്ട സംഭവത്തിന് ശൂരനാട് പോലീസ് സ്റ്റേഷനിൽ ക്രൈം 791/2021 ആയി കേസ് രജിസ്റ്റർ ചെയ്തു. IPC 498(A), 304(B) വകുപ്പുകൾ പ്രകാരം കേസിന്റെ വിശദമായ അന്വേഷണം നടത്തിവരുന്നു. നിലവിൽ കേസന്വേഷണം അന്തിമഘട്ട ത്തിലാണ്. വിവിധതരം ശാസ്ത്രീയ പരിശോധനാ ഫലങ്ങൾ കൂടി ലഭിക്കേണ്ടതായിട്ടുണ്ട്. മരണപ്പെട്ട വിസ്മയയുടെ കുടുംബത്തിന്റെ അപേക്ഷ പരിഗണിച്ച് കേസിൽ പ്രത്യേക പബ്ലിക് പ്രോസിക്യൂട്ടറെയും നിയോഗിച്ചിട്ടുണ്ട്. |
| (സി) | സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും സ്ത്രീസുരക്ഷ ഉറപ്പാക്കുന്നതിനും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (സി) | സ്ത്രീകൾക്കെതിരായുള്ള അക്രമം തടയുന്നതിനും സ്ത്രീ സുരക്ഷ ഉറപ്പുവരുത്തുന്നതിനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഇത്തരം അക്രമം നടത്തുന്നവർക്കെതിരെ ശക്തമായ നടപടി സർക്കാർ സ്വീകരിക്കുന്നുണ്ട്. സ്ത്രീയെ രണ്ടാംകിട പൗരയായും കാഴ്ചവസ്തുവായും കാണുന്ന കാഴ്ചപ്പാടുകൾക്കെതിരെയുള്ള ബോധവത്ക്കരണവും ഇതോടൊപ്പം ഉയർത്തി ക്കൊണ്ടുവരാനാണ് സർക്കാർ പരിശ്രമിക്കുന്നത്. സമൂഹമാകെ |

യോജിച്ചുനിന്നുകൊണ്ട് നടത്തേണ്ട ഒരു സമരമായാണ് സർക്കാർ ഇതിനെ കാണുന്നത്. അതിന് അനുയോജ്യമായ വിധത്തിലുള്ള പ്രവർത്തന പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്. ഇതിന്റെ അനുഭവങ്ങൾ കൂടി പരിശോധിച്ച് കൂടുതൽ പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. നിയമ സംവിധാനങ്ങളിൽ ഉൾപ്പെടെയുള്ള മാറ്റങ്ങളും സർക്കാർ ലക്ഷ്യംവയ്ക്കുന്നുണ്ട്.നിലവിൽ താഴെ പറയുന്ന സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്. 1. സ്ത്രീകൾക്കെതിരായുള്ള വിവിധ തരത്തിലുള്ള അതിക്രമങ്ങൾ പരിഹരിക്കുന്നതിനായി കേരള പോലീസ് പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്റ്റ് രൂപീകരിച്ചിട്ടുണ്ട്. പുതിയ വനിതാ പോലീസ് സ്റ്റേഷനുകൾ, വനിതാ സെൽ, വനിതാ ബറ്റാലിയൻ, പിങ്ക് പോലീസ് തുടങ്ങിയവ ഈ രംഗത്തെ പോലീസ് ഇടപെടലിന്റെ ഭാഗമാണ്. എല്ലാ പോലീസ് ജില്ലകളിലും വനിതാ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശവും പരിഗണനയിലാണ്. അതോടൊപ്പം തന്നെ സ്ത്രീകളെ ശാക്തീകരിക്കുന്നതിനായി 'അപരാജിത', 'നിഴൽ', 'വനിതാ സ്വയം പ്രതിരോധം' എന്നിവ നടപ്പിലാക്കിവരുന്നു. 2. ദൃശ്യ-ശ്രാവ്യ, സോഷ്യൽ മീഡിയകളിലൂടെ സ്ത്രീധന പീഡനത്തിനെതിരെയുള്ള വ്യാപകമായ പ്രചരണങ്ങൾ നടക്കുന്നുണ്ട്. സ്ത്രീകളുമായി നിരന്തരം ഇടപെടുന്ന വിഭാഗമെന്ന നിലയിൽ സംസ്ഥാനത്തെ ഐസിഡിഎസ് സൂപ്പർ വൈസർ, അംഗനവാടി പ്രവർത്തകർ തുടങ്ങിയവർക്ക് സ്ത്രീകൾക്കുള്ള നിയമപരിരക്ഷയെപ്പറ്റിയും സ്ത്രീകളുടെ അവകാശത്തെ സംബന്ധിച്ചും ബോധവത്ക്കരണം നടത്തിവരുന്നു. ഇതിലൂടെ സ്ത്രീകൾക്കിടയിൽ ഇത് സംബന്ധിച്ച അവബോധം ഉയർത്തിയെടുക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. 3. ഉദ്യോഗസ്ഥരുടെ ഇടയിലെ സ്ത്രീധന സമ്പ്രദായം ഉന്മൂലനം ചെയ്യുന്നതിനായി സ്ത്രീധനം ആവശ്യപ്പെടുകയോ വാങ്ങുകയോ കൊടുക്കുകയോ ചെയ്യില്ലെന്ന സത്യവാങ്മൂലം സർക്കാർ ഉദ്യോഗസ്ഥരിൽനിന്ന് വാങ്ങി റിപ്പോർട്ട് ചെയ്യാൻ വകുപ്പ് തലവൻമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ കോളേജുകളിലും ജെൻഡർ അവയർനസ് ക്യാമ്പയിൻ സംഘടിപ്പിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുകയാണ്. 4. സ്ത്രീ സൗഹൃദ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനും ലിംഗ വിവേചനത്തിനെതിരായ പ്രവർത്തനങ്ങൾക്കും

| | | | |
|---|---|---|---|
| | | | ആവശ്യമായ വിഹിതം പ്രത്യേകം വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ